# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 2026



## GHS PANNIPPARA

# സ്കൂൾ പ്രൊഫൈൽ 2025 - 2026

| | | |
|---|---|---|
| സകൂളിന്റെ പേര് | : | ജി എച്ച് എസ് പന്നിപ്പാറ |
| മേൽവിലാസം | : | പന്നിപ്പാറ പോസ്റ്റ്<br>മലപ്പുറം, അരീക്കോട് സബ്<br>എടവണ്ണ വഴി |
| ഇമെയിൽ വിലാസം | : | ghspannippara@gmail.com |
| ഫോൺ നമ്പർ | : | 9446628990 |
| വിദ്യാഭ്യാസ ഉപജില്ല | : | അരീക്കോട് |
| വിദ്യാഭ്യാസ ജില്ല | : | വണ്ടൂർ |
| റവന്യൂ ജില്ല | : | മലപ്പുറം |
| ഗ്രാമപഞ്ചായത്ത് | : | എടവണ്ണ |
| ബ്ലോക്ക് പഞ്ചായത്ത് | : | അരീക്കോട് |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| താലൂക്ക് | : | ഏറനാട് |
| വാർഡ് നമ്പറും പേരും | : | 18, പന്നിപ്പാറ |
| വില്ലേജ് | : | പെരകമണ്ണ |
| സ്കൂൾ ഉടമസ്ഥത | : | സർക്കാർ |
| സ്കൂൾ വിഭാഗം | : | എൽ പി, യു പി, എച്ച് എസ് (1 മുതല് 10 വരെ) |
| പഠന മാധ്യമം | : | മലയാളം |
| സ്കൂൾ കോഡ് | : | 48134 |
| യൂ ഡയസ് കോഡ് | : | 32050101102 |
| പ്രധാനധ്യാപകൻ | : | ഹരിപ്രസാദ് എം എസ് |
| പി ടി എ പ്രസിഡന്റ് | : | മൻസൂർ ചോലയിൽ |
| വാർഡ് മെമ്പർ | : | കെ ടി നൗഷാദ് |
| ജില്ലാ പഞ്ചായത്ത് മെമ്പർ | : | റൈഹാനത്ത് കുറുമാടൻ |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : | റുഖിയാ ഷംസു |

## വിദ്യാലയ ചരിത്രം - പിന്നിട്ട നാൾവഴികളിലൂടെ.........

മലബാർ ഡിസ്ട്രിക്ട് ബോർഡിന് കീഴിൽ പ്രവർത്തനമാരംഭിക്കുകയും ഇന്ന് ആയിരത്തി അഞ്ഞൂറിൽ പരം കുട്ടികൾ പഠിക്കുന്ന ഒരു മഹത് വിദ്യാലയമായി മാറുകയും ചെയ്ത പന്നിപ്പാറ ഗവൺമെന്റ് ഹൈസ്കൂളിന്റെ ഒരു ഹ്രസ്വ ചരിത്രം......

ബ്രിട്ടീഷ് കാലഘട്ടത്തിൽ മുസ്ലീം വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി മാപ്പിള സ്കൂളുകൾ മലപ്പുറത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച കാലഘട്ടത്തിൽ തന്നെയാണ് ഈ വിദ്യാലയത്തിന്റെ തുടക്കവും. ജനറൽ സ്കൂളുകൾ അക്കാലത്ത് മാപ്പിളമാർ ചേരാത്ത സ്കൂളുകളായിരുന്നു, 'ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ച് ഭരിക്കുക ' എന്ന നയത്തിന്റെ പ്രതിഫലനമെന്നോണം നമ്മുടെ ഗ്രാമത്തിലും ജനറൽ ചേരിതിരിഞ്ഞ് സ്കൂളിൽ പോകാൻ തുടങ്ങി എന്നു വേണമെങ്കിൽ പറയാം... അതിന്റെ ബാക്കി പത്രമെന്നോണമാണ് മലബാർ ഡിസ്ട്രികിട് ബോർഡിന്റെ കീഴിൽ ബോർ മാപ്പിള എലിമെന്ററി സ്കൂൾ എന്ന പേരിൽ 1924 ൽ വാണിയമ്പലത്ത് ഒരു വിദ്യാലയം സ്ഥാപിക്കുന്നത്. അതായിരുന്നു നമ്മുടെ വിദ്യാലയത്തിന്റെ തുടക്കം...

ഈ എലിമെന്ററി സ്കൂൾ താൽക്കാലികമായി പ്രവർത്തനം നിർത്തി വെച്ചു. തുടർന്ന് 1932 ൽ അന്നത്തെ പ്രമുഖനായിരുന്ന പരേതനായ പി വി അഹമ്മദ്കുട്ടി ഹാജിയുടെ ശ്രമഫലമായി തൂവ്വക്കാട് ബോർഡ് എലിമെന്ററി സ്കൂൾ എന്ന പേരിൽ പന്നിപ്പാറയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ രണ്ടാമത്തെ മകൻ പി വി കുഞ്ഞിമുഹമ്മദ് എന്ന കുട്ടിക്ക് പ്രവേശനം നൽകിക്കൊണ്ട് സ്കൂളിന് തുടക്കം കുറിച്ചു.

ബോർഡുകളുടെ കീഴിലുള്ള സ്കൂളുകൾ ഗവൺമെന്റ് ഏറ്റെടുത്തതോടെ, ഗവൺമെന്റ് മാപ്പിള എൽ പി സ്കൂൾ തൂവ്വക്കാട് ആയി ഈ സ്കൂൾ മാറി. സ്കൂൾ വെൽഫെയർ കമ്മറ്റിയുടെ ശുപാർശ പ്രകാരം 1967 ൽ കുഞ്ഞാലൻകുട്ടി മാസ്റ്റർ പ്രധാനധ്യാപകനായി ചുമതലയേറ്റു. ഈ സ്കൂൾ വെൽഫെയർ കമ്മറ്റി പ്രസിഡന്റ് സ്ഥാനം വഹിച്ചിരുന്നത് എടവണ്ണ പഞ്ചായത്ത് പ്രസിഡന്റ് കൂടിയായിരുന്ന പരേതനായ അലവിക്കുട്ടി സാഹിബായിരുന്നു. ഈ അവസരത്തിലാണ് സ്കൂൾ പ്രവർത്തനം ദാറുൽ ഉലും മദ്രസയിലേക്ക് മാറിയത്. വെൽഫെയർ കമ്മറ്റിയുടെ ശ്രമഫലമായി പി കെ മമ്മദാജിയിൽ നിന്നും പ്രതിഫലമില്ലാതെ 50 സെന്റ് സ്ഥലം ഗവൺമെന്റിന് നൽകുകയും അതിന്റെ ഫലമായി 7 ക്ലാസ് മുറികളുള്ള സർക്കാർ കെട്ടിടം എൽ പി സ്കൂളിന് ലഭിക്കുകയുണ്ടായി. ജനങ്ങളുടെ കൂട്ടായ പങ്കാളിത്തത്തോടെയുള്ള ഒരു ശ്രമോത്സവമായിട്ടാണ് പരേതനായ പി സിതി ഹാജിയുടെ അധ്യക്ഷതയിൽ അന്നത്തെ ആഭ്യന്തര - വിദ്യാഭ്യാസ മന്ത്രിയായിരുന്ന പരേതനായ സി ച്ച് മുഹമ്മദ് കോയ സാഹിബാണ് ഉദ്ഘാടന കർമ്മം നടത്തിയത്.

സ്കൂളിന്റെ അപ്ഗ്രേഡിന് വേണ്ടി വെൽഫെയർ കമ്മറ്റിയുടെ അശ്രാന്ത പരിശ്രമത്തിലൂടെ ഒന്നര ഏക്കർ സ്ഥലം പി കെ മമ്മദ്ഹാജിയിൽ നിന്നും വിലക്കെടുകയും സർക്കാർ നിർദ്ദേശമനുസരിച്ച് കെട്ടിടവും ആവശ്യമായ ഫർണിച്ചർ എന്നിവ നിർമ്മിച്ച് നൽകുകയും ചെയ്തു. സ്കൂൾ വെൽഫെയർ കമ്മറ്റിയുടേയും അധ്യാപകരുടേയും ജനങ്ങളുടേയും കൂട്ടായ്മയും കഠിനാധ്വാനവും കൂടിയാണ് ഇതിന്റെ വിജയത്തിന് കാരണമായത്. 1974 ലാണ് ഈ വിദ്യാലയം യു പി സ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടത്. 2013 - 14 വർഷത്തിൽ RMSA പദ്ധതി വഴി ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു.

# ആമുഖം

സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്തിന്റെ പൊതുവികാരമായി മാറിക്കൊണ്ടിരിക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ മുന്നേറ്റം ജനപങ്കാളിത്തത്തോടെ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്, പൊതുവിദ്യാഭ്യാസ രംഗത്തെ ജനകീയ ഇടപെടലിന് ലോകത്തിനാകെ മാതൃകയാണ് നമമ്മുട കേരളം. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും അതിന്റെ തുടർച്ചയായ വിദ്യാകിരണവും വഴി ദീർഘകാല കാഴ്ചപ്പാടോടെ വിദ്യാഭ്യാസ രംഗത്ത് പദ്ധതികൾ നടപ്പാക്കി ഭൗതികവും അക്കാദമികവുമായ മികവുകൾ വർദ്ധിപ്പിക്കുന്നതിന് നടത്തിയ ശ്രമങ്ങൾക്ക് പൊതു സമൂഹത്തിൽ നിന്നും വലിയ പിന്തുണയാണ് ലഭിച്ചത്. അക്കാദമിക മികവുകൾക്ക് അടിസ്ഥാനം ഓരോ വിദ്യാലയത്തിലേയും കുട്ടികൾക്ക് പൊതുവായി ഉണ്ടാക്കുന്ന മുന്നേറ്റമാണ്.

പഠിക്കാൻ പഠിക്കുക എന്നതാണ് പ്രധാനം. ഇതിന് കഴിയണമെങ്കിൽ ഓരോ കുട്ടിയിലും അനർലീനമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. ആയതിനാൽ ഓരോ കുട്ടിയേയും ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് അക്കാദമിക മികവിനെ സ്വാർത്ഥമാക്കുന്നത്. ആ ആശയത്തിലൂന്നിയാണ് സമഗ്ര ഗുണമേൻമ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്.

വിദ്യാലത്തിലെ ഓരോ കുട്ടിയുടേയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചു കൊണ്ടുള്ള പദ്ധതിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദ്ദേശങ്ങളും, വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടു വെയ്ക്കുന്ന ആശയങ്ങളെ മുറുകെ പിടിച്ചുകൊണ്ടും  പാഠ്യപദ്ധതി ലക്ഷ്യം വെയ്ക്കുന്നു. വിദ്യാഭ്യാസ രംഗത്തെ സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് എല്ലാ കുട്ടികളേയും ഉൾപ്പെടുത്തിയും ഉൾച്ചേർത്തും ഉൾക്കൊണ്ടും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

കുട്ടികളെ ശാസ്ത്രീയമായി വിലയിരുത്തുന്നതിനൊപ്പം അവർക്ക് സ്വയം വിലയിരുത്തുന്നതിനും പരസ്പരം വിലയിരുത്തുന്നതിനും അതുവഴി നിരന്തരമായി മെച്ചപ്പെടുത്തുന്നതിനും അവസരം നൽകണം. സവിശേഷ പരിഗണന അർഹിക്കുന്ന എല്ലാ വിദ്യാർത്ഥികളേയും പഠനത്തിന്റെ ഭാഗമായി ഉൾച്ചേർക്കുന്നതിനും പഠനപ്രവർത്തനങ്ങളിൽ ആവശ്യമായ അനുരൂപീകരണം നടത്തേണ്ടതുമാണ്. കുട്ടികളുടെ പഠനമികവിനും സർഗ്ഗാത്മക കഴിവുകൾക്കും മികച്ച സാഹചര്യമൊരുക്കാനും സ്കൂൾ അന്തരീക്ഷം ഗുണമേൻമ വിദ്യാഭ്യാസത്തിന് അനുഗുണമായ രീതിയിൽ പരിവർത്തനം ചെയ്യാനും പ്രവർത്തനങ്ങൾ  നമ്മുടെ വിദ്യാലയത്തിൽ നടത്തി വരുന്നു. നമ്മുടെ മുഴുവൻ വിദ്യാർത്ഥികളേയും കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടാൻ പ്രാപ്തരാക്കുകയെന്ന സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കായി നിരവധി പ്രവർത്തനങ്ങൾ ആസുത്രണം ചെയ്ത് നടപ്പിലാക്കാനുള്ള ശ്രമം തുടരുന്നു. എന്നാൽ ഒരു പശ്ചാത്തലത്തിൽ ജി എച്ച് എസ് പന്നിപ്പാറയെ വിലയിരുത്തിയാൽ സാധാരണക്കാരിൽ സാധാരണക്കാരുടെ കുട്ടികളാണ് ഭൂരിഭാഗവും ഇവിടെ അധ്യയനം നടത്തുന്നത്.

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ബോർഡ് മാപ്പിള എലിമെന്ററി സ്കൂൾ എന്ന പേരിൽ 1924ൽ വാണിയമ്പലത്ത് സ്ഥാപിതമായ വിദ്യാലയം 1932 ൽ തുച്ചക്കാട് ബോർഡ് എലിമെന്ററി സ്കൂൾ എന്ന പേരിൽ പന്നിപ്പാറയിൽ പ്രവർത്തനമാരംഭിച്ചു. ബോർഡുകളുടെ കീഴിലുള്ള സ്കൂളുകൾ ഗവൺമെന്റ് ഏറ്റെടുത്തതോടെ ഗവ. മാപ്പിള എൽ പി സ്കൂൾ തുച്ചക്കാടായി ഈ സ്ഥാപനം മാറി. 1974 ൽ യു പി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു.

2013 – 14 വർഷത്തിൽ ആർ എം എസ് എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത് ജി എച്ച് എസ് പന്നിപ്പാറ എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങളുടെ പരിമിതികളോടെ തന്നെ 8,9 ക്ലാസ്സുകൾ അനുവദിക്കുകയുണ്ടായി. 8-ാം ക്ലാസ് മൂന്ന് ഡിവിഷനും 9-ാം ക്ലാസ് ഒരു ഡിവിഷനുമായി ആദ്യത്തെ ഹൈസ്കൂൾ ബാച്ചിന് തുടക്കം കുറിച്ചു. തുടർന്നിങ്ങോട്ട് എസ് എസ് എൽ സി പരീക്ഷയിൽ 100 % വിജയത്തോടെ ജൈത്രയാത്ര തുടരുന്നു.

മേഖല : ഭൗതികം

| | വിഭാഗം | നിലവിലുള്ളവ | ഇനി ആവശ്യമുള്ളവ | പ്രതീക്ഷിത ചിലവ് |
|---|---|---|---|---|
| 1 | ക്ലാസ് മുറികൾ | 57 | 10 മുറികൾ | 1 കോടി |
| 2 | പൊളിച്ചു മാറ്റി പുതുക്കി പണിയേണ്ടവ | 4 ക്ലാസ് മുറികൾ | | 25 ലക്ഷം |
| 3 | ശുദ്ധജല വിതരണം | ഇല്ല് | | 2 ലക്ഷം |
| 4 | ശുദ്ധജല വിതരണം | 3 എണ്ണം | 5 എണ്ണം | 2 ലക്ഷം |
| 5 | ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 8 | 15 എണ്ണം | 5 ലക്ഷം |
| 6 | പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 13 | 15 എണ്ണം | 5 ലക്ഷം |
| 7 | മാലിന്യ സംസ്ക്കരണം | ഇല്ല് | ബയോഗ്യാസ് പ്ലാന്റ്<br>(MC F i unit) | 50,000<br>5,000 |
| 8 | സ്കൂൾ മുറ്റം ഇന്റർലോക്ക് ആൻഡ് റൂഫിംഗ് | ഇല്ല | | 10 ലക്ഷം |
| 9 | സ്റ്റേജ് ആൻഡ് ഓഡിറ്റോറിയം | ഇല്ല | | 8 ലക്ഷം |
| 10 | റിസോഴ്സ് റൂം (എസ് എസ്, ആർട്ട് ഗ്യാലറി) | ഇല്ല | 1 | 75000 |
| 11 | ലാപ്ടോപ്പ് ആൻഡ് പ്രൊജക്ടർ എല്ലാ ക്ലാസ്സിലും | 10 എണ്ണം | 35 എണ്ണം | 10 ലക്ഷം |
| 12 | ജൈവ വൈവിധ്യ പാർക്ക്, പൂന്തോട്ടം | ഇല്ല് | | 2 ലക്ഷം |
| 13 | ലൈബ്രറി ശാക്തീകരണം | സൗകര്യമില്ലാത്ത കെട്ടിടം 2000 പുസ്തകം | സ്ഥിരം ലൈബ്രേറിയൻ കെട്ടിടം, ഫർണ്ണിച്ചർ ഷെൽഫ്, പുസ്തകങ്ങൾ, ഡിജിറ്റൽ കോറ്റ ലോഗ് | 5 ലക്ഷം |

| | | | | |
|---|---|---|---|---|
| 14 | സ്കൂൾ ഗ്രൗണ്ട് | | സൈഡ് കെട്ടി മണ്ണിട്ട് ലെവൽ ചെയ്യണം | 10 ലക്ഷം |
| 15 | വിവിധ സ്പോർട്സ് കോർട്ടുകൾ | 1 വോളിബോൾ കോർട്ട് | 4 എണ്ണം | 10 ലക്ഷം |
| 16 | സിക് റൂം, സ്കൂൾ നഴ്സ് ന്റെ സേവനം | ഇല്ല | | |
| 17 | സ്കൂൾ ബാൻഡ് ആൻഡ് ടീം | ഇല്ല | | |
| 18 | ഡൈനിംഗ് ഹാൾ | ഇല്ല് | 1 | 50,000 |
| 19 | കഫ്ത്തീരിയ | | | |

മേഖല: അക്കാദമികം

| | ഉപമേഖലകൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ ദിവസവും എല്ലാ ക്ലാസ്സിലും മുഴുവൻ പീരിയഡും ഫലപ്രദമായി ഉറപ്പാക്കൽ<br>ലക്ഷ്യം : അക്കാദമിക നിലവാരം ഉയർത്തൽ<br>പഠനത്തിനുള്ള കുട്ടികളുടെ അവകാശം ഉറപ്പാക്കൽ | • വിദ്യാലയത്തിൽ സബ്സ്റ്റിറ്റ്യൂഷൻ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുക. ഒഴിവുള്ള പീരിയഡുകളിൽ നിർബന്ധമായി പകരം ടീച്ചേഴ്സിനെ ഉറപ്പാക്കൽ, ഇവ ഫലപ്രദമായി നടപ്പാക്കാൻ ഒരു ടീച്ചറിന് ചുമതല നൽകൽ.<br>• എല്ലാ ക്ലാസ്സിലും എല്ലാ വിഷയത്തിലും വർക്ക്ഷീറ്റുകൾ, ഒഴിവുള്ള പീരിയഡുകളിൽ ചെയ്യാനായി ഒരുക്കുക.<br>• മാപ്പ് സ്റ്റഡി, ജി കെ ചോദ്യങ്ങൾ തുടങ്ങിയവ എല്ലാ ക്ലാസ്സിലും ഉറപ്പാക്കൽ<br>• ക്ലാസ്സ് ലൈബ്രറി, ദിനപത്രം ഉറപ്പാക്കൽ<br>• സിലബസ് മാറിയ പഴയ ടെക്സ്റ്റ് ബുക്കുകളിലെ പ്രവർത്തനങ്ങൾ സ്വയം വായിച്ചു നോക്കി ചെയ്യാവുന്ന രീതിയിൽ ഒരുക്കി വെയ്ക്കൽ | എല്ലാ ദിവസവും | H M<br>SRG Covenor<br>Class Teacher | |
| 2 | വായിക്കുക....വീണ്ടും വായിക്കുക....പിന്നെയും വായിക്കുക<br>ലക്ഷ്യം : പഠന നിലവാരം ഉയർത്താൻ വായനാശീലമുള്ള കുട്ടികളായി മാറ്റുക<br>രചനാപരമായ കഴിവ് വളർത്തുക | • എല്ലാ ക്ലാസ്സിലും ലൈബ്രറി സജ്ജീകരിക്കൽ, ലൈബ്രറിയിൽ ഓരോ ക്ലാസ്സിന്റേയും നിലവാരത്തിനനുസരിച്ച് പുസ്തകങ്ങളുടെ ലിസ്റ്റ് ക്ലാസ് ടീച്ചർ തയ്യാറാക്കൽ<br>• തയ്യാറാക്കിയ ലിസ്റ്റ് സി പി റ്റി എയിൽ ചർച്ച ചെയ്യൽ<br>• ഓരോ ക്ലാസ്സിലും നൂറോളം പുസ്തകങ്ങളെങ്കിലും രക്ഷിതാക്കളുടെ സഹായത്തോടെ സംഘടിപ്പിക്കൽ<br>• ഒന്ന് രണ്ട് ക്ലാസ്സുകളിലേക്ക് ആവശ്യമായ പുസ്തകം ഉറപ്പാക്കൽ<br>• ഓരോ ടീച്ചറും തന്റെ കുട്ടികൾ ഒരു വർഷം വായിക്കേണ്ട പുസ്തകം മുൻഗണനാ ക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കൽ. അവ രക്ഷിതാക്കളുടെ സഹായത്തോടെ സംഘടിപ്പിക്കൽ, സ്കൂൾ ലൈബ്രറി, വായനാശാലകൾ, പ്രാദേശിക ലൈബ്രറി, തുടങ്ങിയവയിൽ നിന്നും കണ്ടെത്തി വായിക്കൽ. കണ്ടത്തി വായിച്ച ഓരോ പുസ്തകത്തിനും സ്റ്റാർ (പ്രോത്സാഹനം) നൽകി അവസാനം മികച്ച വായനക്കാരെ കണ്ടെത്തൽ. | തുടക്കം ജൂൺ മാസം മുതൽ<br>ഓരോ ടേമിലും വിലയിരുത്തൽ | ലൈബ്രറി ചാർഡ്<br>മലയാളം ടീച്ചേഴ്സ് | |
| 3 | ലൈബ്രറി ശാക്തീകരണം നിലവിലെ അവസ്ഥ<br>• മികച്ച ലൈബ്രറി റൂം<br>• ഷെൽഫുകൾ, വെളിച്ചം<br>• ഡിജിറ്റൽ കാറ്റലോഗ് സിസ്റ്റം | • എല്ലാ സ്റ്റാഫും മാസം 50 രൂപ സംഭാവന നൽകൽ. അവ ഉപയോഗിച്ച് മലയാളത്തിലെ മികച്ച ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ബാല പ്രസിദ്ധീകരണങ്ങൾ, തൊഴിൽ വാർത്തകൾ തുടങ്ങിയവ വാങ്ങൾ – ലൈബ്രറിയിൽ ലഭ്യ | ജൂൺ ആദ്യവാരത്തിൽ തുടക്കം കുറിക്കൽ | ലൈബ്രറി ചാർജ്ജുള്ള ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | • ആവശ്യത്തിന് പുസ്തകങ്ങൾ കൂടി എത്തണം | മാക്കൽ<br>• ഓരോ ക്ലാസ്സിനും അനുയോജ്യമായ ക്ലാസ് ടീച്ചേഴ്സ് തയ്യാറാക്കി തരുന്ന പുസ്തക ലിസ്റ്റ് ലൈബ്രറിയിൽ വാങ്ങി സജ്ജമാക്കൽ<br>• ലൈബ്രറിയിൽ എ സി സൗകര്യം<br>• ഒരു ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ഒരേ സമയം ഇരുന്നു വായിക്കാനാവശ്യമായ ഫർണിച്ചർ ലൈബ്രറി യിൽ ക്രമീകരിക്കൽ<br>• പുസ്തകങ്ങൾ വെയ്ക്കാൻ ആവശ്യത്തിന് ഷെൽഫ്<br>• ഓരോ ക്ലാസ്സിലെ കുട്ടി ലൈബ്രേറിയൻമാർക്ക് പരിശീലനം<br>• ഒരു കുട്ടി ഒരു പുസ്തകം പിറന്നാളിന് എന്റെ വിദ്യാലയ ത്തിനൊരു പുസ്തകം പരിപാടി | | | |
| 4 | LSS, USS, NUMATS, NMMS, തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകളിൽ മികവുറ്റ വിജയങ്ങൾ | • ഈ സ്കേളർഷിപ്പ് പരീക്ഷകളെല്ലാം ഏകോപിപ്പിച്ചു ഒരൊറ്റ കുടക്കീഴിൽ<br>• ജൂലൈ മാസത്തിൽ തന്നെ ടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തൽ<br>• ടീച്ചേഴ്സിന് ചുമതല നൽകൽ<br>• ആദ്യ മാസങ്ങളിൽ തന്നെ ക്ലാസ്സുകൾ ആരംഭം. ക്ലാസ്സ് സമയം രാവിലെ 9 എ എം - 10 എ എം. തിങ്കൾ മുതൽ വെള്ളി വരെ. കൂടാതെ ശനിയാഴ്ചകളിൽ ഉച്ച വരെ പരി ശീലനം.<br>• പരിശീലന ക്ലാസ്സിൽ കൃത്യമായ മൊഡ്യൂൾ വെച്ചുള്ള ക്ലാസ്സുകൾ. ക്വസ്റ്റിൻ സോൾവിംഗ് - വർക്ക് ഷീറ്റുകൾ നൽകിയുള്ള പരിശീലനം<br>• മെയിൻ പരീക്, എഴുതുന്നതിന് മുൻപ് 50 ഓളം മാതൃകാ പരീക്ഷകളും ചോദ്യ കടലാസുകളും പരിചയപ്പെടാൻ കുട്ടികൾക്ക് അവസരം<br>• കുട്ടികൾക്ക് റിഫ്രഷ്മെന്റും മോട്ടിവേഷൻ ക്ലാസ്സുകളും<br>• യു എസ് എസ് പരീക്ഷയ്ക്ക് 5,6,7<br>• ക്ലാസ്സുകളിലെ പഠനഭാഗത്തിലെ പ്രധാനപ്പെട്ടവ ഒറ്റവാക്കിൽ എഴുതുന്ന ചോദ്യങ്ങളാക്കാൻ കുട്ടികൾക്ക് പരിശീലനം<br>• എല്ലാ ടീച്ചേഴ്സിനേയും ഉൾപ്പെടുത്തി ഓരോ വിഷയ ത്തിലും റിസോഴ്സ് ഗ്രൂപ്പ് ഉണ്ടാക്കൽ<br>• ഓരോ സ്കോളർഷിപ്പ് വിഭാഗത്തിലും കുറഞ്ഞത് 10 കുട്ടികൾക്കെങ്കിലും കിട്ടുന്ന രീതിയിൽ വിജയ ലക്ഷ്യം | ജൂലൈ മാസ ത്തിൽ തുടക്കമി ടൽ | SRG, PTA, Class Teachers ചാർജുള്ള ടീച്ചേഴ്സ്, സബ്ജക്ട് കൗൺസിൽ | |

| | | | | | |
|---|---|---|---|---|---|
| | | • തിരഞ്ഞെടുത്ത കുട്ടികൾക്ക് ഓരോ ആഴ്ചയിൽ ഒബ്ജക്ടീവ് രീതിയിൽ സമകാലീന ചോദ്യങ്ങൾ ഉൾപ്പെടുന്ന പ്രിന്റഡ് മെറ്റീരിയലുകൾ നൽകലും ഉത്തരങ്ങൾ കണ്ടെത്തലും. | | | |
| 5 | എസ് എസ് എൽ സി മുഴുവൻ കുട്ടികളേയും വിജയിപ്പിക്കാൻ 30 ശതമാനം കുട്ടികൾക്കെങ്കിലും എ പ്ലസ് വിജയം നേടൽ | • കുട്ടികളുടെ വ്യക്തിഗത വിവര സർവേ. അവയില വിവരത്തിനനുസരിച്ച് പരിഹാര നിർദേശങ്ങൾ<br>• എല്ലാ മാസവും എല്ലാ വിഷയവും യൂണിറ്റ് ടെസ്റ്റ് കൾ നടത്തലും വിലയിരുത്തലും, പരിഹാര ബോധന പ്രവർത്തനങ്ങളും<br>• മുന്നോക്ക കുട്ടികൾക്കും പിന്നോക്ക കുട്ടികൾക്കും ഐ സി ടി അധിഷ്ഠിത ക്ലാസ്സുകൾ<br>• ഗൃഹസന്ദർശനം<br>• ഡിസംബർ മാസം ആകുമ്പോഴെക്കും കുട്ടികളുടെ നിലവാരത്തിനനുസരിച്ച് തരം തിരിഞ്ഞ് പരിശീലനം<br>• മാതൃകാ പരീക്ഷകൾ നിരന്തരം<br>• രാത്രികാല ക്ലാസ്സുകളും അവധി ദിവസ പരിശീലനവും<br>• കുട്ടികളുടെ പഠന പുരോഗതി കൃത്യമായി നിരന്തരം രക്ഷിതാക്കളെ അറിയിക്കൽ C P T A, SMS, Phone etc<br>• ഇംഗ്ലീഷ് വിഷയത്തിന് പ്രത്യേക പരിശീലനം<br>• പഠനവീട് പദ്ധതി, രാത്രികാല കോർണർ യോഗങ്ങൾ (എസ് എസ് എൽ സി കുട്ടികളുടെ ഏരിയ) തുടങ്ങിയവ സംഘടിപ്പിക്കൽ<br>• രക്ഷിതാക്കളുടെ നേതൃത്വത്തിൽ പൂർവ്വ വിദ്യാർത്ഥികളിൽ മികവുറ്റ വ്യക്തികളുടെ സഹായത്തിൽ പഠന സഹവാസ ക്യാമ്പുകൾ<br>• മോട്ടിവേഷൻ ക്ലാസ്സുകൾ, മാർഗ നിർദേശ ക്ലാസുകൾ, ആരോഗ്യ ബോധവത്ക്കരണം ക്ലാസ്സുകൾ സംഘടിപ്പിക്കൽ | ജൂൺ , ജൂലൈ<br>ആദ്യ ടേമിൽ<br>എല്ലാ മാസവും | H M, Class Teachers, Subject Teachers<br>H M, Class Teachers,H S Section | |
| 6 | പ്രതിഭാ പോഷണം, മിടുക്കരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം (STEPS) | • ഓരോ ക്ലാസ്സിലേയും പരീക്ഷയിലൂടെ മിടുക്കരായ കുട്ടികളെ കണ്ടെത്തൽ<br>• ആഴ്ചയിൽ രണ്ടു ദിവസവും അവധിദിവസങ്ങളിലും പ്രത്യേക പോഷണ പരിശീലനം<br>• ജി കെ, ഇംഗ്ലീഷ്, മെന്റൽ എബിലിറ്റി പ്രസംഗ പരിശീലനം, ശാസ്ത്ര അറിവുകൾ തുടങ്ങിയവ ഉൾപ്പെടുത്തി മൊഡ്യൂൾ രൂപീകരണം.<br>• ഇത്തരം കുട്ടികൾ വിവിധ മത്സരങ്ങളിൽ. സബ് ജില്ല, ജില്ല സംസ്ഥാനം എന്നിവിടങ്ങളിൽ സ്കൂളിനെ പ്രതിനീ | ജൂലൈ മാസത്തിൽ ആരംഭം<br>ജനുവരി | STEPS Group Charge, Teachers, SRG CONVENOR | |

| | | | | | |
|---|---|---|---|---|---|
| | | ധികരിക്കും<br>• പ്രിന്റഡ് മെറ്റീരിയൽസ്, ഇയർ ബുക്കസ്, ഐ സി ടി ക്ലാസ്സുകൾ തുടങ്ങിയവ കുട്ടികൾ്കായി നൽകും<br>• വിദ്യാലയത്തിൽ കുട്ടികളുടെ മികവ് പ്രദർശിപ്പിക്കാൻ അവസരം<br>• സ്കോളർ ഫെസ്റ്റ് | | | |
| 7 | <u>വിജയസ്പർശം</u><br>പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | • മലയാളം , ഹിന്ദി, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലെ പിന്നോക്കാവസ്ഥയുള്ള കുട്ടികളെ കണ്ടെത്തൽ<br>• ഇവർക്ക് വേണ്ടി പ്രത്യേക പുസ്തകങ്ങൾ(വർക്ക് ബുക്ക്) തയ്യാറാക്കൽ<br>• കുട്ടികൾക്കും, രക്ഷിതാക്കൾക്കും മാർഗ്ഗ നിർദേശ ക്ലാസ്സുകൾ<br>• പഠന - പിന്നോക്കാവസ്ഥയ്ക്കുള്ള പരിഹാര ബോധനം വൈകിട്ട് ഒരു മണിക്കൂർ ( 4 പി എം- 5 പി എം)<br>• വ്യക്തിഗത പിന്തുണ<br>• നിരന്തര വിലയിരുത്തലും മെച്ചപ്പെടുത്തലും<br>• മികവ് നേടുന്ന കുട്ടികൾക്ക് തുടർ പ്രവർത്തനങ്ങൾ<br>• ക്ലാസ് തലത്തിലും ഗ്രൂപ്പ് തലത്തിലും പ്രവർത്തനങ്ങൾ<br>• പിന്നോക്കാവസ്ഥ നിൽക്കുന്ന ഏരിയകളിൽ കോർണർ പഠന യോഗങ്ങൾ<br>• പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് കൂടുതൽ വായനാ സാമഗ്രിയും പിന്തുണ സംവിധാനവും | ജൂൺ മാസത്തിൽ ആരംഭം | SRG<br>PTA<br>Subject Teachers | |
| 8 | ക്ലാസ്സ് പി ടി എകൾ 100 ശതമാനം പങ്കാളിത്തത്തോടെ ഫലപ്രദമാക്കൽ. നിലവിലെ അവസ്ഥ സി പി ടി എ കാര്യക്ഷമമാണ്. പക്ഷേ പങ്കാളിത്തം 100 ശതമാനം ഇല്ല. | • ഒരു വർഷം നടക്കുന്ന സി പി ടി എ കൾ എന്നാണെന്നും എത്രയെണ്ണമാണെന്നും മുൻകൂട്ടി ആസൂത്രണം നട്തതി തീരുമാനിക്കൽ<br>• സി പി ടി എ യ്ക്ക് കൃത്യമായ മൊഡ്യൂൾ നിർമ്മിക്കൽ<br>• മൊഡ്യൂൾ കമ്മറ്റി<br>• എസ് ആർ ഡിയിൽ അവതരണം<br>• ക്ലാസ്സ് 1 മുതൽ 10 വരെ മ1ഡ്യൂൾ അടിസ്ഥാനപ്പെടുത്തി സി പി ടി എ<br>• മൊഡ്യൂൾ എല്ലാ ക്ലാസ് ടീച്ചേഴ്സനും<br>• സി പി ടി എ ബുക്കിൽ മൊഡ്യൂൾ പങ്കാളിത്തം, പ്രധാന തീരുമാനങ്ങൾ വിലയിരുത്തൽ എന്നിവ സഹിതം എഴുതി സൂക്ഷിക്കൽ<br>• സി പി ടി എയ്ക്ക് ഹാജർ ശതമാനം വർദ്ധിപ്പിക്കൽ<br>• ഓരോ പ്രദേശത്ത് നിന്നും സി പി ടി എ അംഗത്തിന് | ജൂൺ മാസം മുതൽ<br><br>ജൂൺ<br><br>ഓരോ ടേമിലും | H M, SRG convenor, Class teachers | |

| | | | | | |
|---|---|---|---|---|---|
| | | ചുമതല നൽകൽ. ആ പ്രദേശത്തെ രക്ഷിതാക്കളെ സി പി ടി എയിൽ എത്തിക്കൽ<br>• ഏറ്റവും കൂടുതൽ രക്ഷിതാക്കൾ പങ്കെടുക്കുന്ന ക്ലാസ്സിന് പ്രത്യേക സമ്മാനങ്ങൾ<br>• മികവ് തെളിയിച്ച കുട്ടികൾക്ക് സി പി ടി എ യിൽ ഉപ ഹാരങ്ങൾ നൽകൽ<br>• മികവ് തെളിയിച്ച രക്ഷിതാക്കൾക്ക് സമ്മാനം<br>• രക്ഷിതാക്കൾക്ക് പ്രശ്നോത്തരികൾ സി പി ടി എകളിൽ<br>• 1,2 ക്ലാസ്സുകളിൽ അമ്മ വായന<br>• ടി ബിയിൽ വായിച്ച ഭാഗത്ത് രക്ഷിതാവ് ഒപ്പിട്ടു നൽകൽ<br>• ക്ലാസ്സ് രക്ഷിതാക്കളുടെ വാട്ടിസ് ആപ്പ് ഗ്രൂപ്പുകൾ കുട്ടികളുടെ സ്ഥിതി അതിലൂടെ അറിയിക്കൽ<br>• എല്ലാ സി പി ടി എകളിലും വരുന്ന രക്ഷിതാക്കൾക്ക് വർഷാവസാനം ആദരവ്<br>• അച്ഛനും അമ്മയും പങ്കെടുക്കുന്ന സി പി ടി എകൾ ടേമിൽ ഒന്നെങ്കിലും.<br>• കുട്ടിയ്ക്ക് ഒപ്പം ഒരു ദിവസം മുഴുവൻ അവന്റെ പഠന പ്രക്രിയയിൽ പങ്കാളി ആയിക്കൊണ്ടുള്ള സി പി ടി എ | ജൂൺ<br><br>ഓരോ ടേമിലും | SRG ,Class teachers PTA, HM | |
| 9 | എസ് ആർ ജി യോഗങ്ങൾ, ഫലപ്രദമാക്കൽ | • മാസ്തതിൽ 2 തവണയും എസ് ആർ ഡി യോഗവും ആഴ്ചയിൽ ഒരിക്കൽ സബ്ജക്ട് കൗൺസിൽ യോഗങ്ങളും ചേരുക<br>• എസ് ആർ ജി യോഗങ്ങൾ മുൻകൂട്ടി അറിയിക്കണം<br>• എൽ പി, യു പി, എച്ച് എസ് വിഭാഗങ്ങളിൽ മൂന്ന് എസ് ആർ ജി കൺവീനർമാർ - മൂന്ന് വിഭാഗങ്ങളും ഒരുമിച്ച് എസ് ആർ ഡി യോഗങ്ങളും ചേരുന്നു.<br>• എസ് ആർ ജി യോഗങ്ങൾ പാഠപുസ്തകത്തിലെ ഐ സി ടി സാധ്യതകൾ കണ്ടെത്തി ശേഖരിക്കൽ<br>• എസ് ആർ ജി മിനുട്സ് സമഗ്രമാക്കൽ | ജൂൺ മാസം മുതൽ | S R G Convenor | |
| 10 | പരീക്ഷകൾ ചിട്ടയോടെ ഫലപ്രദമായി ക്രമീകരിക്കൽ . നിരന്തരമായ മൂല്യനിർണ്ണയം എളുപ്പമാക്കൽ | • എല്ലാ മാസങ്ങളിലും എല്ലാ ക്ലാസ്സിലും എല്ലാ വിഷയത്തിലും യൂണിറ്റ് ടെസ്റ്റ്<br>• ഓരോ ടേമിൽ ക്വസ്റ്റിൻ പ്രിന്റ് ചെയ്ത് മിഡ് ടേം എക്സാമിനേഷൻ<br>• ടെർമിനൽ എക്സാമുകളും ഒരൊറ്റ യൂണിറ്റായി നടത്തൽ<br>• യൂണിറ്റ് എക്സാം മികച്ച വിജയം നേടുന്ന കുട്ടികൾക്കുള്ള ആദരം | ജൂൺ മാസം മുതൽ<br><br>ഓരോ ടേമിനും മുൻപ് | EXAM BOARD | |

| | | | | | |
|---|---|---|---|---|---|
| | | • ഓരോ ക്ലാസ്സിലും ഓരോ കുട്ടിയ്ക്കും വിലയിരുത്തൽ രേഖകൾ സമഗ്രമായി.<br>• വിലയിരുത്തൽ രേഖയെ പിൻതുടർന്ന് സി പി ടി എയിൽ രക്ഷിതാക്കളെ വിലയിരുത്തൽ<br>• സ്വയം വിലയിരുത്തുന്നതിനും പരസ്പരം വിലയിരുത്തുന്നചിനും മെച്ചപ്പെടുത്തുന്നതിനും അവസരം<br>• ഓരോ മാസത്തിലും ഓരോ കുട്ടിയേയും സമഗ്രമായി ഗുണാത്മക വിലയിരുത്തൽ ടീച്ചർ നട്തി കുട്ടികളോട് പറയൽ<br>• പിന്നോക്കക്കാർക്കുള്ള പ്രപോത്സാഹന പ്രശംസയും പിന്തുണ നൽകലും<br>• ഓരോ കുട്ടിയുടേയും ചിട്ട, കൃത്യനിഷ്ഠ, നേതൃത്വഗുണം തുടങ്ങിയവ പരസ്പരം വിലയിരുത്താനും ക്ലാസ്സിൽ വിലയിരുത്തൽ ചാർട്ട് | | Class Teachers | |
| 11 | മികവോടെ ക്ലബ് പ്രവർത്തനങ്ങൾ | • ഭാഷ ക്ലബുകൾ, സയൻസ്, സോഷ്യൽ സയൻസ്, ഗണിതം, ഹരിതസേന, ഐ ടി , വർക്ക് എക്സ്പീരിയൻസ് ഉദ്ഘാടനം<br>• ക്ലബുകൾ രൂപീകരണം, ജൂൺ മാസത്തോടെ<br>• ഓരോ ക്ലബും നൂതനമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ | ജൂൺ മാസത്തിൽ | Work Experience Club Co-ordinators | |
| 12 | ഇടം കുട്ടികളുടെ ആകാശവാണി പ്രവർത്തനങ്ങൾ പഠനവുമായി കൂട്ടി യോജിപ്പിക്കൽ | • പത്രവാർത്ത<br>• ദിവസം ഒരു ചോദ്യം<br>• ഇന്നത്തെ ചിന്താവിഷയം<br>• സർഗവേദിയിലെ മികച്ച അവതരിപ്പിക്കൽ<br>• ദിനാചരങ്ങളിൽ വിവരണം നൽകൽ<br>• ഓരോ ക്ലാസ്സിലേയും ഭാഷാ പ്രവർത്തനങ്ങളിലെ കവിതാരൂപങ്ങൾ റെക്കോർഡ് കേൾപ്പിക്കൽ<br>• റേഡിയോ നാടകം - പാഠഭാഗത്തിലെ പുസ്തകം പരിചയപ്പെടുത്തൽ | ജൂൺ മാസം മുതൽ | Club Convenorts, Tr. incharge | |

**വിഷയം : പരിസരപഠനം**

**ലക്ഷ്യം : പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്**

| | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | ചുമതല | സാമ്പത്തികം | പിന്തുണ/ ഏജൻസി |
|---|---|---|---|---|---|---|
| 1 | **ലിറ്റിൽ ജി കെ മാസ്റ്റർ**<br>ദിവസവും രണ്ട് പൊതുവിജ്ഞാനം വീതം നൽകുന്നു. മാസത്തിലൊരിക്കൽ ക്ലാസ്തല മത്സരവും വർഷാവസാനം സ്കൂൾതല ക്വിസ് മത്സരവും നടത്തി ജി കെ മാസ്റ്ററെ കണ്ടെത്തുന്നു. | ജൂൺ 9 മുതൽ ഫെബ്രുവരി 28 വരെ | 2,3,4 | ക്ലാസ് ടീച്ചർ | സ്കൂൾ വികസന ഫണ്ട് | പി ടി എ |

**വിഷയം : മലയാളം**

**ലക്ഷ്യം : വായന പരിപോഷിപ്പിക്കുന്നതിന്, ആശയഗ്രഹണ വായനാശേഷി നേടുന്നതിന്**

| | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം | പിന്തുണ/ ഏജൻസി |
|---|---|---|---|---|---|---|
| 1 | കഥകളുടെ ലോകം<br>ഓരോ ക്ലാസ്സിലേയും കുട്ടികളുടെ എണ്ണമനുസരിച്ച് കഥാപുസ്തകം ലഭ്യമാക്കുന്നു.<br>ആഴ്ചകൾതോറും കൈമാറി വായിക്കുന്നു. | 2,3,4, | ജൂലൈ 1 മുതൽ ഫെബ്രുവരി 28 വരെ | ക്ലാസ് ടീച്ചർ | സ്കൂൾ വികസന ഫണ്ട് | പി ടി എ |

**വിഷയം : ഇംഗ്ലീഷ് (എൽ പി )**

**ലക്ഷ്യം : ഇംഗ്ലീഷ് വിഷയത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്**

| | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം | പിന്തുണ/ ഏജൻസി |
|---|---|---|---|---|---|---|
| 1 | ആഴ്ചയിലൊരിക്കൽ സ്പെഷ്യൽ ഫോണിക്സ് ട്രെയിനിംഗ് നൽകുന്നു. | 4 | ജൂൺ 16 മുതൽ ഫെബ്രുവരി 28 | ക്ലാസ് ടീച്ചർ | സ്കൂൾ വികസന ഫണ്ട് | പി ടി എ |
| 2 | റീഡിംഗ് കാർഡുകൾ തയ്യാറാക്കി ആഴ്ചയിലൊരിക്കൽ കൈമാറി വായിക്കുന്നു. | 2,3,4 | ജൂൺ 30 മുതൽ ഫെബ്രുവരി 28 വരെ | ക്ലാസ് ടീച്ചർ | സ്കൂൾ വികസന ഫണ്ട് | പി ടി എ |

**വിഷയം : ഗണിതം**

**ലക്ഷ്യം : ഗണിത പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിന്**

| | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം | പിന്തുണ/ ഏജൻസി |
|---|---|---|---|---|---|---|
| 1 | മാസത്തിലൊരിക്കൽ പ്രശ്നോത്തരി നടത്തി ഗണിതപ്രതിഭകളെ കണ്ടെത്തുന്നു. പ്രോത്സാഹനം നൽകുന്നു. | 4 | ജൂൺ 30 മുതൽ ഫെബ്രുവരി 28 വരെ | ക്ലാസ് ടീച്ചർ | സ്കൂൾ വികസന ഫണ്ട് | പി ടി എ |

**വിഷയം : അറബി**

| | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | <u>വായന</u><br>വായന പ്രോത്സാഹിപ്പിക്കുക, വായനാശീലം വളർത്തുക | • അറബിക് ലൈബ്രറി ശാക്തീകരണം<br>• പുസ്തക ശേഖരണം<br>• വായന കോർണർ സ്ഥാപിക്കുക | 5,6,7 | 6 മാസം<br>ജൂൺ - നവംബർ | Subject Teacher | PTA & പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ | PTA |
| 2 | <u>എഴുത്ത്</u><br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | • കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു<br>• മികച്ച കൃതികൾ തിരഞ്ഞെടുത്ത് സ്കൂൾ മാഗസിൻ തയ്യാറാക്കും | 5,6,7 | സെപ്റ്റംബർ - നവംബർ | | Teachers & Parents | |
| 3 | <u>അറിവിൻ തിളക്കം</u><br>അറബിയിൽ അറിവ് നേടുക(സാഹിത്യം, ഭാഷ) | • മാസാന്ത ക്വിസ് കാർണിവൽ<br>• ചോദ്യങ്ങൾ തയ്യാറാക്കി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. | 5,6,7 | ജൂൺ - മാർച്ച് | | PTA & Teachers | PTA |
| 4 | <u>പ്രതിഭകളെ കണ്ടെത്തൽ</u> | • അറബിക് കലാമേളയിലേക്ക് കുട്ടികളെ കണ്ടെത്തുന്നു<br>• വ്യക്തിഗത, ഗ്രൂപ്പ് ഇനങ്ങളിലേക്കുള്ള മത്സരാർത്ഥികളെ കണ്ടെത്തുന്നു. | 5,6,7 | ജൂലൈ - ആഗസ്റ്റ് | | Teachers & നാട്ടിലെ കലാകാരൻമാർ | PTA |
| 5 | <u>ദിനാചരണങ്ങൾ</u><br>ദിനാചരണത്തെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു | • ദിനാചരണങ്ങളോടനുബന്ധിച്ചുള്ള പോസ്റ്ററുകൾ അറബിയിൽ ഉണ്ടാക്കുന്നു<br>• അവ പ്രദർശിപ്പിക്കുന്നു | 5,6,7 | ജൂൺ - ഫെബ്രുവരി | | PTA<br>SMC<br>Teachers | PTA |
| 6 | ആസ്വാദനം | • ഐ ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, ആനിമേഷൻ ഫിലിം, പ്രദർശനങ്ങൾ നടത്തുന്നു. | 5,6,7 | ഡിസംബർ | | PTA<br>SMC | |
| 7 | അറബിക് ഫെസ്റ്റ് | • അറബി ഭാഷയെക്കുറിച്ച് കൂടുതൽ അറിയാൻ വിവിധ പ്രദർശനങ്ങൾ നടത്തുന്നു | 5,6,7 | | | PTA | |

| | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലയളവ് | ചുമതല | പിന്തു |
|---|---|---|---|---|---|---|
| 8 | വായന<br>വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശാലം വളർത്തുക. നല്ല വായനക്കാരനാവുക, ചിന്താശേഷി അപഗ്രഥനശേഷി എന്നിവ വർദ്ധിപ്പിക്കുക | • ലൈബ്രറിയിൽ അറബി പുസ്തകങ്ങൾ വർദ്ധിപ്പിക്കുക<br>• അറബിക് പത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ ശേഖരിക്കുന്നു. | 8,9,10 | 7 മാസം<br>ജൂൺ – ഡിസംബർ | സബ്ജക്ട് ടീച്ചേഴ്സ് | സ്പോൺസർഷിപ്പ് കു<br>പൂർവ്വ വിദ്യാർത്ഥിക |
| 2 | എഴുത്ത്<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | • കഥയും കവിതയും ഉൾക്കൊള്ളിച്ച് ക്ലാസ് കയ്യെഴുത്ത് മാഗസിൻ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു. ക്ലാസ് മാഗസിനിലെ മികച്ച ആർട്ടിസ്റ്റുകളെ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുക. | | 3 മാസം<br>ഒക്ടോബർ – ഡിസംബർ | | സോഷ്യൽ മീഡിയ |
| 3 | ദിനാചരണങ്ങൾ<br>ദിനാചരണത്തെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുക | • ദിനാചരണവുമായി ബന്ധപ്പെട്ട പോസ്റ്റർ, വീഡിയോസ്, റീൽസ് എന്നിവ പ്രദർശിപ്പിക്കുക | | 9 മാസം<br>ജൂൺ – ഫെബ്രുവരി | | സോഷ്യൽ മീഡിയ, അ<br>വിദ്യാർത്ഥ |
| 4 | പ്രതിഭകളെ കണ്ടെത്തൽ<br>സാഹിത്യമത്സരത്തിനാവശ്യമായ കുട്ടികളെ കണ്ടെത്തൽ<br>കുട്ടികളിൽ കലയോടുള്ള അഭിരുചി വർദ്ധിപ്പിക്കൽ | • സാഹിത്യമത്സരം സംഘടിപ്പിക്കൽ | | ജൂൺ – ഡിസംബർ | | വീട്ടിൽ നിന്ന്, അധ്യാ<br>സമൂഹ മാധ്യമങ്ങ |

# വിഷയം : മലയാളം

**മേഖല : അക്കാദമികം**

**ലക്ഷ്യം : സമഗ്ര ഗുണമൻമാ വിദ്യാഭ്യാസത്തിലധിഷ്ഠിതമായി എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സ്വന്ത മായി സർഗ്ഗാത്മക പ്രവർത്തനത്തിലേർപ്പെടാനും കഴിയുക.**

| | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം | പിന്തുണ/ഏജൻസി |
|---|---|---|---|---|---|---|
| 1 | • സ്കൂൾ / ക്ലാസ്സ് ലൈബ്രറി നവീകരണം<br>• പുസ്തക പരിചയം<br>• വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം<br>• എഴുത്തുകാരനുമായി അഭിമുഖം<br>• രചനാ മത്സരങ്ങൾ | L P, UP, HS | ജൂൺ 19 മുതൽ ഒരാഴ്ച ക്കാലം | മലയാളം ക്ലബ്/വിദ്യാ രംഘം കലാസാഹിത്യ വേദി | 2,500 | PTA |
| 2 | • ബഷീർ – ഡോക്യുമെന്ററി പ്രദർശനം<br>• ബഷീർ കഥാപാത്രങ്ങളുടെ ആവിഷ്ക്കാരം<br>• സാഹിത്യക്വിസ് | LP, U P | ജൂലൈ 5 | മലയാളം ക്ലബ്/വിദ്യാ രംഘം കലാസാഹിത്യ വേദി | 500 | PTA , കുട്ടികളുടെ രക്ഷിതാക്കൾ |
| 3 | • മോഹിനിയാട്ടം, കഥകളി, തുടങ്ങിയ കേരളീയ കലകൾ പരിചയ പ്പെടുത്തുന്നു. | L P, UP, HS | നവംബർ 1 | മലയാളം ക്ലബ്/വിദ്യാ രംഘം കലാസാഹിത്യ വേദി | 500 | PTA |
| 4 | • മാതൃഭാഷയുടെ പ്രാധാന്യം പ്രസംഗ മത്സരം | UP, HS | ഫെബ്രുവരി 21 | മലയാളം ക്ലബ്/വിദ്യാ രംഘം കലാസാഹിത്യ വേദി | 200 | PTA |
| 5 | • ഫീൽഡ് ട്രിപ്പ് (തിരൂർ, തുഞ്ചൻപറമ്പ്,തിരുനാവായ, പൂന്താനം ഇല്ലം, കോട്ടക്കുന്ന്) | UP, HS | ഫെബ്രുവരി | മലയാളം ക്ലബ്/വിദ്യാ രംഘം കലാസാഹിത്യ വേദി | | PTA |

വിഷയം : ഉർദു

| | പ്രവർത്തനം | പ്രവർത്തന ഘട്ടം | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പഠേം പഠേം ആഗേ ജായേം (ഉർദു വായന) | വായനാ മത്സരം, ക്വിസ് മത്സരങ്ങൾ, ബാല മസിക കൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങി യവ വായനക്ക് ലഭ്യമാക്കൽ | 5,6,7,8,9,10 | വിവിധ ദിനാചരണങ്ങളി ലൂടെ | ഉർദു സബ്ജക്ട് കൗൺസിൽ | 1000 |
| 2 | ജവാബ് ബോലോ തുഹ്ഫ ലേലോ (ഉർദു ജനറൽ നോളജ്) | കുട്ടികളുടെ ക്വിസ് പരിജ്ഞാനം വർധിപ്പിച്ച് പെട്ടെന്ന് ഉത്തരങ്ങൾ പഠിക്കാനും പറയാനും ആഴചയിൽ ഒരു ദിവസം 3 ചോദ്യങ്ങൾ പെട്ടെന്നുത്തരം പറയുന്ന കുട്ടി കൾക്ക് അവസരം നൽകുന്നു | 5,6,7,8,9,10 | ആഴ്ചയിൽ ഒരു ദിവസം എല്ലാ കുട്ടികളേയും ഉൾക്കൊള്ളുന്നു | ഉർദു സബ്ജക്ട് കൗൺസിൽ | 1000 |
| 3 | ഹമാരേ സോച്ച് (ഉർദു കയ്യെഴുത്ത് മാഗസിൻ) | രചനാശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയു ള്ളതും കൈ എഴുത്ത് എന്നീ ലക്ഷ്യങ്ങൾ പൂർത്തീകര ണത്തിനും കുട്ടികളിലെ സർഗ്ഗാത്മക വളർത്തുന്നതിനും കയ്യെഴുത്ത് മാഗസിൻ, ചുമർ പത്രിക, വായമകാർഡ് നിർമ്മാണം | 5,6,7,8,9,10 | വർഷത്തിൽ ഒന്ന് | ഉർദു സബ്ജക്ട് കൗൺസിൽ | 1000 |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ | 5,6,7,8,9,10 | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ് | 200 |
| 5 | ഉർദു ക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പി ക്കുന്നതിനുതകും കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ സംഘടിപ്പിക്കുക | 5,6,7,8,9,10 | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ് | 2000 |
| 6 | ഉർദു ദിനം | ഉർദു ടാലന്റ് മീറ്റ്<br>ഭാഷാ സെമിനാർ, എന്റെ പതിവ് | 5,6,7,8,9,10 | നവംബർ 9 മുതൽ 15 വരെ | ഉർദു ക്ലബ് | 2000 |
| 7 | ദിനാചരണങ്ങൾ | ഭാഷാശേഷി വളർത്താനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ | 5,6,7,8,9,10 | അതാത് ദിനങ്ങളിൽ | ഉർദു ക്ലബ് | 1000 |

| | | | | | | |
|---|---|---|---|---|---|---|
| 8 | ഷോട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും അവതരണ ശേഷിയും പരിപോഷിക്കുന്ന വിധം ചെറിയ ഷോട്ട്ഫിലിം നിർമാണം | | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ് | 4000 |
| 9 | ആയേം ഗായേം<br>(സംഗീത വിരുന്ന്) | പാടാനുള്ള അഭിരുചി വളർത്തുന്നതിനാവശ്യമായ അവസരമൊരുക്കുന്നു. | | വർഷത്തിൽ രണ്ട് | ഉർദു ക്ലബ് | 1000 |

**UP - English**

| Sl No | Objectives | Activities | Class | Duration | Responsibility | Finance |
|---|---|---|---|---|---|---|
| 1 | To Speak English Language Fluently | English Games<br>Sentence making | 5,6,7 | 2 months | Subject Teachers | PTA |
| 2 | Include ICT Integrated language development Programme | Language lab<br>Film<br>Animation | 5,6,7 | June - March | Subject Teachers | PTA |
| 3 | English Fest | Skit<br>English based stage programmes | 5,6,7 | June - March | Subject Teachers | School welfare fund |
| 4 | English Assembly | News reading<br>thought | 5,6,7 | July - March | Subject Teachers | |

**H S - English**

**Objectives : To create an English atmosphere in the School / Classroom**

| Sl No | Aim | Activities | Class | Time | Responsibility |
|---|---|---|---|---|---|
| 5 | To enable the learners to communicate with confidence | Opportunity for spoken English<br>English Assembly | 8,9,10 | Week ends / Monthly | English Teacher |
| 2 | To enable them to draft discourses | Preparing profiles, Role plays, English day, Seminars, Magazines, (Hand written) | 8,9,10 | Class room time | Teacher, Club members |
| 3 | To promote reading habit | Book reviews, Quite programme | 8,9,10 | Class room time | English Teachers |
| 4 | To enable them for verification | Verification competition, Poem recitation | 8,9,10 | Monthly Arts Days | English Teachers, Club members |
| 5 | To Improve their spoken tongue | Skit, Videos, presentation. Audio Digital poster | 8,9,10 | On special occasions, class room activity | English Teacher, Club members |
| 6 | To improve their spoken tongue | Interviewers, Debates, Spech, etc | 8,9,10 | Week ends, free hours | English Teacher, Club members |

# വിഷയം : ഹിന്ദി

**മേഖല : അക്കാദമികം**

**ലക്ഷ്യം : സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസത്തിലധി.്ഠിതമായി സ്കൂളില എല്ലാ തര്തതിലും ഉളള കുട്ടികൾക്കും ഹിന്ദി ഭാഷാ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.**

| | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | സാമ്പത്തികം | പിന്തുണ/ഏജൻസി |
|---|---|---|---|---|---|
| 1 | പ്രേംചന്ദ് ജയന്തി<br>• ഹിന്ദി അസംബ്ളി<br>• രചന മത്സരങ്ങൾ<br>• പ്രസംഗ മത്സരം<br>• പ്രദർശനം | 8, 9, 10 | ഹിന്ദി ക്ലബ് | 200 | ഹിന്ദി അധ്യാപകൻ |
| 2 | ഹിന്ദി ദിനവും പക്ഷാചരണവും<br>• ഹിന്ദി അസംബ്ളി<br>• കലാ മത്സരങ്ങൾ<br>• രചന മത്സരങ്ങൾ<br>• പ്രദർശനം | 8,9,10 | ഹിന്ദി ക്ലബ് | 500 | ഹിന്ദി അധ്യാപകൻ |
| 3 | ലോക ഹിന്ദി ദിനം<br>• ഹിന്ദി അസംബ്ളി<br>• പ്രസംഗം<br>• അവതരണം | 8,9,10 | ഹിന്ദി ക്ലബ് | 200 | ഹിന്ദി അധ്യാപകൻ |
| 4 | ഹിന്ദി ഉത്സവ്<br>• പ്രദർശനം<br>• വിവിധ മത്സരങ്ങൾ<br>• സമ്മാനദാനം | 8,9,10 | ഹിന്ദി ക്ലബ് | 2000 | പി ടി എ,<br>ഹിന്ദി അധ്യാപകൻ |

| | പ്രവർത്തനം | അനുബന്ധ പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | പ്രേംചന്ദ് ജയന്തി | • ഹിന്ദി അസംബ്ലി,<br>• രചന മത്സരങ്ങൾ,<br>• അവതരണം,<br>• പ്രഭാഷണം | 5,6,7 | 1 ദിവസം<br>2025 – ജൂലൈ 31 | ഹിന്ദി ക്ലബ് | |
| 2 | ഹിന്ദി ദിവസവും പക്ഷാചരണവും | • ഹിന്ദി അസംബ്ലി<br>• രചന മത്സരങ്ങൾ<br>• കലാ മത്സരങ്ങൾ<br>• പ്രദർശനം | 5,6,7 | 7 ദിവസം<br>2025 – സെപ്റ്റംബർ 14 മുതൽ 21 സെപ്റ്റംബർ | ഹിന്ദി ക്ലബ് | |
| 3 | വേൾഡ് ഹിന്ദി ഡേ | • ഹിന്ദി അസംബ്ലി<br>• പ്രഭാഷണം<br>• അവതരണം | 5,6,7 | 1 ദിവസം<br>2026 ജനുവരി 10 | ഹിന്ദി ക്ലബ് | |
| 4 | ഹിന്ദി ഉത്സവ് | • ഹിന്ദി അസംബ്ലി<br>• പ്രദർശനങ്ങൾ<br>• രചന മത്സരങ്ങൾ | 5,6,7 | 1 ദിവസം<br>2026 ഫെബ്രുവരി | ഹിന്ദി ക്ലബ് | |

# വിഷയം : സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | സാമൂഹ്യശാസ്തരവുമായി ബന്ധപ്പെച്ച് പടിതാവിന്റെ അടിസ്ഥാനതല അറിവുകൾ പരിശോധിക്കുന്ന 10 ചോദ്യങ്ങൾ അടങ്ങുന്ന ഒരു പ്രീ ടെസ്റ്റ് സംഘടിപ്പിക്കുന്നു | 5,6,7,8 | അക്കാദമിക വർഷാരംഭം | സാമൂഹിക ശാസ്ത്രാധ്യാപകർ |
| 2 | സുരക്ഷിതയാത്രയും ലഹരി വിമുക്ത വിദ്യാലയവും സൃഷ്ടിച്ചെടുക്കുക | യാത്രകൾ സുരക്ഷിതമാക്കാനും റോഡപകടങ്ങൾ പരമാവധി ഒഴിവാക്കാനുമായി നാം ആചരിക്കേണ്ട ട്രാഫിക് നിയമങ്ങളെക്കുറിച്ചും മര്യാദകളെക്കുരിച്ചും ഈ മേഖലയിൽ പ്രഗത്ഭരായ വ്യക്തിത്വങ്ങളെക്കൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക | 5,6,7,8 | അക്കാദമിക വർഷാരംഭം | സാമൂഹിക ശാസ്ത്രാധ്യാപകർ |
| 3 | സാമൂഹികാവബോധവും മാനവിക മൂല്യങ്ങളും വളർത്തിയെടുക്കുക | എസ് എസ് ക്ലബിന്റെ കീഴിൽ ദിനാചരണങ്ങൾ അനുചിതമായി സംഘടിപ്പിക്കുന്നു. | 5,6,7,8 | എസ് എസ് ക്ലബ് സാമൂഹ്യശാസ്ത്ര അധ്യാപകർ യഥാസമയം | എസ് എസ് ക്ലബ്, സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4 | ജനാധിപത്യ ജീവിത രീതിയും സമീപനവും രൂപപ്പെടുത്തുന്നു | എസ് എസ് ക്ലബിന്റെ നേതൃത്വത്തിൽ സ്കൂൾ ഇലക്ഷൻ സംഘടിപ്പിക്കുന്നു<br>ഗ്രാമസഭ, വാർഡു സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | 5,6,7,8 | അക്കാദമിക വർഷാരംഭം<br>അക്കാദമിക വർഷത്തിന്റെ രണ്ടാം പാദത്തിൽ | എസ് എസ് ക്ലബ്, അധ്യാപകർ, മാതാപിതാക്കൾ |
| 5 | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കാൻ | ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്ന പ്രദേശങ്ങളിലേക്ക് ഒരു ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | 5,6,7,8 | അക്കാദമിക വർഷത്തിന്റെ രണ്ടാം പാദത്തിൽ | എസ് എസ് ക്ലബ്, സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6 | സഹജീവികളോട് സമഭാവന പുലർത്തുകയും, സാമൂഹിക ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് നടത്താൻ പ്രോത്സാഹിപ്പിക്കുക | ശാരീരിക വെല്ലുവിളികൾ നേരിടുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായിട്ടുള്ളവരെ സംരക്ഷിക്കുന്ന ഇടങ്ങൾ സന്ദർശിച്ച് കുട്ടികൾ സ്വരൂപിച്ച് വസ്തുക്കൾ കൈമാറുന്നു | 5,6,7,8 | അക്കാദമിക വർഷത്തിന്റെ രണ്ടാം പാദത്തിൽ | എസ് എസ് ക്ലബ്, സാമൂഹ്യശാസ്ത്ര അധ്യാപകർ |

# വിഷയം : സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പ<br>വിശക |
|---|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവ രാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും - ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു<br>വയൽകിളികൾ - സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠനട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | 8,9,10 | അക്കാദമിക വർഷം മുഴുവ നായി നടത്തുന്നു. നിശ്ചയിച്ച തീയതി കളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ , ക |
| 2 | ജനാധിപത്യം ഒരു ജീവിതശൈലി യാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | ഒന്നായി നമ്മൾ - സ്കൂൾ പാർലമെന്റ്, മോക്ക് പാർലമന്റ്, പൗര ബോധം സമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നട ത്തുന്നു. | 8,9,10 | അക്കാദമിക വർഷ ത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ , ക<br>സുമനസ്സ |
| 3 | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സ്റ്റാർട്ട് അപ്പ് - സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു.<br>ആകാശകാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തന ങ്ങൾ കാഴ്ച വെക്കുന്നു. | 8,9,10 | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി ടി എ<br>ജ്മെ |
| 4 | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തി ലൂടെ വളരുക, സാമൂഹ്യപരി ഷ്കർത്താക്കളെ പരിചയപ്പെടുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ - സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ, എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | 8,9,10 | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശ<br>ക്ലബ് |
| 5 | ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പടി ക്കുക എന്ന ലക്ഷ്യം കൈവരിക്കുക | പട്ടുപാതയിലൂടെ - ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠി ക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടു തൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, ഗ്ലോബ് മാപ്പു കൾ എന്നിവ പരിചിതമാക്കുന്നു. | 8,9,10 | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6 | കുട്ടികളിൽ ഉന്നത നിലവാരം കൈവരി ക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | മൈ സിനിമ റൂം - സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവി ജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം, എന്നിവയക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം സിനിമ (ച രിത്ര സിനിമ പ്രദർശനം) | 8,9,10 | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 7 | വ്യത്യസ്ത ഇനം മണ്ണിനങ്ങളെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയല്ലാം പരിചയപ്പെടുക | ചരിത്രകൊട്ടാരം - വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | 8,9,10 | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 8 | വിവിധ മേളകളിൽ പങ്കെടുക്കുന്നു | | 8,9,10 | | | |

## വിഷയം : ബേസിക് സയൻസ് (യു പി)

| | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | വെർട്ടിക്കൽ ഫാമിംഗ് രീതിയിൽ പച്ചക്കറി കൃഷി ചെയ്യൽ | 7 | June – Aug | Scence Club, Teachers | 5000 | ഹരിതസേന, പി ടി എ |
| 2 | ഫീൽഡ് ട്രിപ്പ് | 5,7 | Nov- Dec | Scence Teachers | 30000 | പി ടി എ |
| 3 | പഠനോപകരണ നിർമ്മാണ ശില്പശാല | 5,6,7 | Aug | Scence Teachers | 20000 | ശാസ്ത്രപഠന ഉപകരണ നിർമ്മാണ വിദഗ്ധൻ |
| 4 | വാനനിരീക്ഷണം | 6,7 | December | Science Club | 5000 | |
| 5 | ഭക്ഷ്യസുരക്ഷ വിദഗ്ധ ക്ലാസ് | 7, | November | Scence Teachers | | ഭക്ഷ്യസുരക്ഷ ഓഫീസർ |
| 6 | ഭക്ഷ്യ മേള | 6 | July | Class Teachers | | പി ടി എ |

# വിഷയം : സയൻസ് (എച്ച് എസ്)

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | പിന്തുണ |
|---|---|---|---|---|---|
| 1 | മേഖല – ആരോഗ്യം<br>ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിന് | • ബോധവത്ക്കരണ ക്ലാസ്സുകൾ<br>• ആൻഡി ഡ്രഗ്സ് , എക്സൈസ്, പോലീസ് എന്നിവരുടെ സഹായത്തോടെ ഒരു ടേമിൽ ഒരിക്കൽ സ്ക്രീനിംഗ് നടത്തുന്നു<br>• ആൻഡി ഡ്രഗ് കമ്മിറ്റി രൂപീകരിച്ച് പൊതുജന പങ്കാളിത്തത്തോടെ സ്കൂൾ വിടുന്ന സമയത്ത് കുട്ടികളെ നിരീക്ഷിച്ച് വേണ്ട ഇടപെടൽ നടത്തുന്നു.<br>• ഡീ അഡിക്ഷൻ സെന്റർ സന്ദർശിക്കുന്നു | 8,9,10 | 3 മാസം കൂടുമ്പോൾ<br><br>വർഷം മുഴുവൻ<br><br>ഒരു പ്രാവശ്യം | HM, Police, Excise, PTA, ലഹരി വിരുദ്ധ ക്ലബ് യോദ്ധാവ്<br><br>PTA, HM, SMS, MPTA, പ്രാദേശിക ക്ലബുകൾ Teachers |
| 2 | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കൽ | 1 – 10 വരെ ക്ലാസ്സിലെ കുട്ടികൾക്ക് റഫർസിന് ആവശ്യമായ എല്ലാ പുസ്തകങ്ങളും ലഭ്യമായ ലൈബ്രറി / ഡിജിറ്റൽ ലൈബ്രറി | 8,9,10 | വർഷം മുഴുവൻ | PTA , SSG |
| 3 | പാരിസ്ഥിതിക അവബോധം കുട്ടികളിൽ വളർത്തുക – പ്രകൃതി പഠനത്തിന് കുട്ടികളെ സജ്ജരാക്കുന്നതിന് | ചെറിയകുളം, ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | 8,9,10 | | |
| 4 | ശാസ്ത്ര പോരജക്ടുകൾ സ്വന്തമായി ചെയ്യുന്നതിന് പ്രാപ്തരാക്കുക | ഓരോ ക്ലാസ്സിനും അവർക്കനുസരിച്ച വിഷയങ്ങൾ നൽകി പ്രോജക്ടുകൾ ഏറ്റെടുപ്പിക്കൽ – പിന്തുണ നൽകൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ – ഏറ്റവും നല്ല പ്രോജക്ട് ഏറ്റെടുത്ത് നിർവ്വഹിക്കുന്ന ക്ലാസ്സിന് സമ്മാനം | 8,9,10 | വർഷം മുഴുവൻ | SC Club |
| 5 | ശാസ്ത്രരംഗത്തെ ഏറ്റവും നൂതനമായ കണ്ടുപിടുത്തങ്ങൾ / അറിവുകൾ കുട്ടികൾ അറിയുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനും | പത്രങ്ങൾ, ജേർണലുകൾ എന്നിവയിൽ പ്രസിദ്ധീകരിക്കുന്ന ശാസ്ത്രരംഗത്തെ പുതിയ കണ്ടുപിടുത്തങ്ങൾ ഇടം – ആകാശവാണിയിലൂടെ എല്ലാ തിങ്കളാഴ്ചകളിലും അവതരിപ്പിക്കുന്നു. പത്ര വാർത്ത ബുള്ളറ്റിൻ ബോർഡ്കളിൽ പ്രദർശിപ്പിക്കുന്നു. | 8,9,10 | എല്ലാ തിങ്കളാഴ്ചകലിലും | ഓരോ ക്ലാസ്സിൽ നിന്നും തിരഞ്ഞെടുത്തവർ |

| | | | | | |
|---|---|---|---|---|---|
| 6 | മാലിന്യമുക്ത - ആരോഗ്യ - ശുചിത്വ വിദ്യാലയം - ആരോഗ്യമുള്ള സമൂഹം | ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്, പരിസര ശുചീകരണം, ശുച്ത്വ ബോധ വൽക്കരണം, ഫസ്റ്റ് എയ്ഡ് ഡെമോ ക്ലാസ്, വൈദ്യ പരിശോധന ക്യാമ്പ്. | 8,9,10 | | |

## വിഷയം : ഗണിതം (യു പി)

**ലക്ഷ്യം : ഗണിതപഠനം കൂടുതൽ രസകരമാക്കുന്നതിനും കുട്ടികളിൽ ഗണിത അഭിരുചി വളർത്തിയെടുക്കുക, ഗണിത ക്രിയകൾ കൂടുതൽ ലളിതമാക്കുന്നതിനും.**

| | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | പ്രീ ടെസ്റ്റ് ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കൽ<br>റെമെഡിയൽ ടീച്ചിംഗ് | 5,6,7 | ജൂൺ | മാത്സ് ടീച്ചർ | | |
| 2 | ഗണിത ക്ലിനിക് രൂപീകരണം<br>പ്രീ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ മിടുക്കരായ കുട്ടികളേയും പിന്നോക്കക്കാരേയും കണ്ടെത്തി മിടുക്കരായ കുട്ടികൾ പിന്നോക്കക്കാരെ പഠിപ്പിക്കുന്നു. | 5,6,7 | ജൂൺ - ഫെബ്രുവരി, വെള്ളിയാഴ്ച | ഗണിത അധ്യാപകർ , കുട്ടികൾ | | |
| 2 | ഗണിതക്വിസ് - ക്ലാസ് തലം | 5,6,7 | ജൂൺ - ഫെബ്രുവരി മാസ്തതിൽ 1 | ഗണിത അധ്യാപിക | | |
| 4 | ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തൽ - ടെക്സ്റ്റ് ബുക്ക് ആക്ടിവീടീസ് | 5,6,7 | | ഗണിത അധ്യാപിക, ഐ ടി ടീച്ചർ | | |
| 5 | ഗണിതമേള പ്രദർശനം - Geometric chart, Puzzle, Game , Still model Number chart | 5,6,7 | ആഗസ്റ്റ് | ഗണിത ക്ലബ് | | |
| 6 | രാമാനുജൻ ദിനാചരണവുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ ചർച്ച ചെയ്യുക | 5,6,7 | ഡിസംബർ | ഗണിത ക്ലബ്, ഗണിത അധ്യാപിക | | |

## വിഷയം : Maths – H S

| | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | പ്രീ ടെസ്റ്റ്, ചോദ്യനിർമ്മാണം, ടെസ്റ്റ് മൂല്യനിർണ്ണയം, ക്ലബ് രൂപീകരണം | 8,9,10 | ജൂൺ | ക്ലബ് കൺവീനർ | | Subject Teacher |
| 2 | ഒറിഗാമി ശിൽപശാല, ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ | ഗണിത ക്ലബ് അംഗങ്ങങ്ങൾ | ജൂലൈ | ഗണിത അധ്യാപകർ | | Club Leaders |
| 3 | ഗണിതപഠനവുമായി ബന്ധപ്പെട്ട മോഡൽ നിർമ്മാണവും, പ്രോയോഗിക പ്രവർത്തനങ്ങളും ഗണിതക്വിസ് | 8,9,10 | ആഗസത് | ഗണിത അധ്യാപകർ | | Club Leaders |
| 4 | ഐ ടി സാധ്യത – ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ | 8,9 | മാസത്തിൽ 1 പ്രാവശ്യം | ഗണിത അധ്യാപകർ | | Club Leaders |
| 5 | ഗണിതക്ലിനിക് – ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ടു കൊണ്ടുവരാൻ | 8,9,10 | മാസത്തിൽ 1 പ്രാവശ്യം | ഗണിത അധ്യാപകർ | | Club Leaders |
| 6 | ദിനാചരണം – ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ അവതരിപ്പിച്ച് നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | 8,9,10 | | എസ് ആർ ജി | | Club Leaders |

## വിഷയം : ആരോഗ്യകായിക വിദ്യാഭ്യാസം ( യു പി )

ലക്ഷ്യം : വിദ്യാർത്ഥികളിലെ കായിക ക്ഷമത വർദ്ധിപ്പിക്കുവാനും കായിക സംസ്ക്കാരം വളർത്തുവാനും മുഴുവൻ വിദ്യാർത്ഥികളുടെ സമഗ്ര വികാസവും

| | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | വോളിബോൾ പരിശീലനം | 5,6,7 | ജൂലൈ - ഫെബ്രുവരി | കായികാധ്യാപകൻ | 6500 | HM, Physical Education Teachers, PTA |
| 2 | എല്ലാ കുട്ടികളിലും കായിക ക്ഷമത വർദ്ധിപ്പിക്കുന്ന മൈനർ ഗയിമുകൾ പരിശീലിപ്പിക്കുക | 5,6,7 | ജൂലൈ - ഫെബ്രുവരി | കായികാധ്യാപകൻ | | Physical Education Teachers, PTA |

# വിഷയം : ഫിസിക്കൽ എഡ്യൂക്കഷൻ ( എച്ച് എസ്)

ലക്ഷ്യം : കുട്ടികളിൽ കായികക്ഷമത വർദ്ധിപ്പി്കകാനും കായിക സംസ്ക്കാരം വളർത്തുവാനും സമഗ്ര വികസനവും

| | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | എയ്റോബിക് എക്സസൈസ് ജനറൽ എക്സസൈസ് ചെസ്സ് | 8,9 | ജൂൺ - ജൂലൈ | PET Tr | | HM PET Tr, PTA |
| 2 | KHO – KHO- Volley ball | 8,9 | ഓഗസ്റ്റ് - ഫെബ്രുവരി | PET Tr | | HM PET Tr, PTA |

# വിഷയം : WIE

മേഖല : അക്കാദമികം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|---|
| 1 | കൃഷ് - മുഴുവൻ കുട്ടികളേയും പഠനാനുഭവങ്ങളുടെ ഭാഗമാക്കൽ | പൂക്കളിൽ നിന്നും ലഭിക്കുന്ന വിവിധ ഉൽപ്പന്നങ്ങളെക്കുറിച്ച് അറിയുക.<br>പുഷ്പകൃഷി രീതി, വിവിധ പുഷ്പാലങ്കാര രീതി | 8 | June – Aug | WIE Teacher | H M, WIE Teacher, PTA |
| 2 | പ്ലമിംഗ്<br>ട്രിപ്പ് ഇറിഗേഷൻ സംവിധാനത്തിലൂടെ കൃഷി ഇടങ്ങളിൽ ജലം എത്തിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം നേടുക<br>പ്ലമിംഗ് രീതി പരിശീലിപ്പിക്കുക<br>നൂതന പ്രവർത്തനങ്ങൾ കണ്ടെത്തുക | ട്രിപ്പ് ഇറിഗേഷൻ<br>ഐ സി ടി സഹായത്തോടെ വിവരിക്കുക | 8 | July – Aug | WIE Teacher | H M, WIE Teacher, PTA |
| 3 | ഭക്ഷ്യ വ്യവസായം<br>വ്യത്യസ്ത വിഭവങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ | ഫുഡ് ഫെസ്റ്റ് നടത്തുക | 9 | October - November | WIE Teacher | H M, WIE Teacher, PTA |